## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1568 — 14.12.2012 ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ വളർച്ച

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>" പി.സി. ജോർജ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** ഈ സർക്കാർ അധികാരമേറ്റ ശേഷം കാർഷിക മേഖലയുടെ വളർച്ചയ്ക്ക് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ; | **(എ)** സാധാരണ കർഷകർക്ക് അനുഭവവേദ്യമാകുന്ന നിരവധി കർഷകക്ഷേമ കൃഷി വികസന പദ്ധതികൾക്ക് ശുഭസൂചകമായ തുടക്കം കുറിക്കാനും കരുത്തുള്ള അടിത്തറ പാകുന്നതിനുമായി ആദ്യവർഷം താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>എ) ജൈവ കൃഷി വ്യാപന പദ്ധതി<br>ബി) "നിറവ്" പദ്ധതി<br>സി) തരിശു ഭൂമിയിലെ കരാർ കൃഷി<br>ഡി) ഭക്ഷ്യസുരക്ഷാ പദ്ധതി<br>ഇ) കാർഷിക വിജ്ഞാന വ്യാപനം<br>എഫ്) കാർഷിക വിപണനം ശക്തിപ്പെടുത്തൽ<br><br>കൂടാതെ യുവതലമുറയെ കാർഷിക വൃത്തിയിൽ ആകൃഷ്ടരാക്കുന്നതിനായി ഹൈടെക് കൃഷി വ്യാപനം, തരിശു കൃഷി വ്യാപനം, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയ പദ്ധതികൾ 2012-13 ൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| **(ബി)** ഇതിനായി കർഷകർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നത്; | **(ബി)** വിവധ പദ്ധതികളിലൂടെ കർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ കുറിക്കുന്നു.<br><br>1) 67500 ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 4000/- രൂപ സബ്സിഡി നൽകുന്നു. |

2)കര നെല്ല് കൃഷിക്കായി ഹെക്ടറിന് 7500/- രൂപ നൽകും.

3) 1 ലക്ഷം ഹെക്ടറിൽ ഉൽപ്പാദന വർദ്ധനവിന് സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ കൃഷിക്കായി ഹെക്ടറിന് 3000/- രൂപ നൽകും.

4) 400 ഹെക്ടർ തരിശു ഭൂമിയിൽ കരാർ കൃഷി നടത്തുന്നതിനായി 25000/- മുതൽ 30000/- രൂപ /ഹെക്ടറിന് നൽകും.

5)സുഗന്ധ നെല്ല് കൃഷിക്കായി (1000 ഹെ) 10000/- രൂപ /ഹെക്ടർ നൽകും.

6) നെൽകൃഷി പ്രകൃതിക്ഷോഭത്തിന് 10000 /ഹെക്ടർ.

7) ഉല്പാദന ബോണസ് 1000 രൂപ /ഒരു സീസൺ/ഹെക്ടർ.

8) വൈദ്യുതി സൗജന്യം

9) നെല്ല് സംഭരണം 17 രൂപ /കിലോ

10) സ്കൂൾ പച്ചക്കറി, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, അടുക്കളത്തോട്ടനിർമ്മാണം, നഗരങ്ങളിലെ പച്ചക്കറി കൃഷി, വാണിജ്യ പച്ചക്കറി കൃഷി (15000/- രൂപ മുതൽ 22500/- രൂപ/ഹെക്ടർ വരെ), പോളിഹൗസ് പച്ചക്കറി കൃഷി എന്നിവയുടെ ആനുകൂല്യങ്ങൾ നൽകുന്നു.

11) കേരശ്രീ പദ്ധതിയിൽപ്പെടുത്തി 17500/- /ഹെക്ടർ സബ്സിഡി 10200 ഹെക്ടർ സ്ഥലത്തേയ്ക്ക് നൽകുന്നു.

12) സി.ഡി.ബി. കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്നീ പദ്ധതിയിൽപ്പെടുത്തി കേരകൃഷിക്ക് 7500 രൂപ മുതൽ 17500/- രൂപ /ഹെക്ടർ വരെ സബ്സിഡി നൽകുന്നു.

13) ജൈവ സുഗന്ധ വിളകളുടെ വികസനത്തിനായി 12500/- രൂപ മുതൽ 20000/- രൂപ/ഹെക്ടർ വരെ നൽകുന്നു.

14) കാർഷിക യന്ത്രവൽക്കരണത്തിനായി 10000/- രൂപ മുതൽ 1.50 ലക്ഷം രൂപ വരെ ധനസഹായം

നൽകുന്നു.

15) 25 പ്രധാന വിളകൾക്ക് വിള ഇൻഷ്വറൻസ്.

16) ബയോഗ്യാസ് പദ്ധതി പ്രകാരം 4000/- രൂപ മുതൽ 8000/- രൂപ വരെ സബ്സിഡി നൽകുന്നു.

| | | | |
|---|---|---|---|
| **(സി)** | യുവതലമുറയെ കൃഷിയോട് ആഭിമുഖ്യമുള്ളവരാക്കി തീർക്കുന്നതിന് ഉതകുന്ന പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ? | **(സി)** | യുവതലമുറയെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കുന്നതിനായി പല നൂതന പദ്ധതികളും 2012-13 ൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>എ) ഹൈടെക് കൃഷി വ്യാപനം<br><br>ബി) തരിശു കൃഷി വ്യാപനം<br>സി) അഗ്രോ സർവ്വീസ് സെന്റർ<br><br>ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പച്ചക്കറി കൃഷി ചെയ്യുവാൻ താല്പര്യമുള്ള യുവകർഷകർക്ക് ഹൈടെക് കൃഷിവ്യാപന പദ്ധതിയിൽ പങ്കാളികളാകാം. 40% മുതൽ 75% വരെ സബ്സിഡിയോട് കൂടി നടപ്പിലാക്കുന്ന പദ്ധതി പാലക്കാട്, കാസർഗോഡ് ജില്ലകളിൽ കൂടുതലായി വ്യാപിപ്പിക്കുന്നതാണ്.<br><br>2012-13 ൽ 400 ഹെക്ടർ തരിശു നിലങ്ങൾ കർഷക കൂട്ടായ്മയിലൂടെ നെല്ല്, വാഴ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നതാണ്. ഹെക്ടറിന് 30000/- രൂപ നൽകുന്നതാണ്.<br><br>2012-13 ൽ തെരഞ്ഞെടുത്ത 35 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുന്നതാണ്. കൊയ്ത്തു മെതിയന്ത്രങ്ങളും, ട്രാക്ടർ, പവ്വർടില്ലർ ഉൾപ്പെടെയുള്ള കൃഷി യന്ത്രങ്ങൾ കർഷകർക്ക് മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുന്നതാണ്. പരിശീലനം ലഭിച്ച യുവാക്കൾക്ക് കാർഷിക മേഖലയിൽ വൻതൊഴിൽ സാദ്ധ്യത ഉണ്ടാകുന്ന ഒരു സംരംഭമാണ് ഇത്. |

സെക്ഷൻ ഓഫീസർ